LIBRARY ARCHIVES Kerala Legislative Assembly

കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

215 (8276) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

ഉത്തരം

കണ്ണേറ്റി ടൂറിസം പ്രോജക്ട്, അഴീക്കൽ ടൂറിസം പ്രോജക്ട് എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കണ്ണേറ്റി ടൂറിസം പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50 ലക്ഷംരൂപ ഡി.ടി.പി.സി. കൊല്ലത്തിന് അനുവദിച്ചിട്ടുണ്ട്. 8 മാസത്തെ കാലാവധിക്ക് പണി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ കരാർ വച്ചിട്ടുണ്ട്. പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ ടൂറിസം പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 43,42,737 രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് തർക്കം ഉന്നയിച്ചതിനെത്തുടർന്ന് രണ്ടാം ഘട്ട പണി നിർത്തിവച്ചിരിക്കുകയാണ്.

ബേക്കൽ ബീച്ച് പാർക്കിനുസമീപം പുതിയ പാർക്ക്

216 (8277) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ബേക്കൽ ബീച്ച് പാർക്കിന് സമീപം പുതിയ പാർക്ക് സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ടോ ;

(ബി) എത്ര രൂപയാണ് നിർമ്മാണത്തിന് ചെലവായിട്ടുള്ളത് ; പ്രസ്തുത പാർക്ക് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ;